## 20.10.1989 – ന് തൊട്ടുമുമ്പുള്ള വർഷത്തിൽ പത്തിലധികം തൊഴിലാളികളുള്ള സ്ഥാപനത്തിനും ഇ.എസ്.ഐ. നിയമം ബാധകം

### പഞ്ചാബ്–ഹരിയാന ഹൈക്കോടതി

F.A.O. No. 346/1998 Dt. 22.5.2018

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ
x
റോക്സി ബാർ ഏന്റ് റസ്റ്റോറന്റ്

പത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ 1989 മാർച്ച് മാസത്തിൽ ഇ.എസ്.ഐ. ഇൻസ്പെക്ടർ പരിശോധന നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇരുപത് തൊഴിലാളികൾ ഇല്ലാത്തതിനാൽ റിപ്പോർട്ടിന്മേൽ തുടർ നടപടികളൊന്നുമുണ്ടായില്ല. അങ്ങനെയിരിക്കെ, ഇ.എസ്.ഐ. നിയമം ബാധകമാകാൻ ആവശ്യമുള്ള മിനിമം തൊഴിലാളികളുടെ എണ്ണം ഇരുപതിൽ നിന്ന് പത്താക്കി കുറച്ച് നിയമത്തിൽ സർക്കാർ ഭേദഗതി വരുത്തി. പ്രസ്തുത ഭേദഗതി 20.10.1989–ൽ പ്രാബല്യത്തിലായി. തുടർന്ന് സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്നു പ്രഖ്യാപിച്ച് ഇ.എസ്.ഐ. അധികൃതർ ഉത്തരവിട്ടു. 1989 ഒക്ടോബർ മുതൽ 1991 ജൂൺ വരെയുള്ള കാലയളവിലെ വിഹിതമടയ്ക്കണമെന്ന് ഇ.എസ്.ഐ. അധികൃതർ ഉത്തരവിട്ടു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി നല്കി. 1989 ഒക്ടോബർ മുതൽ 1991 ജൂൺ വരെയുള്ള കാലയളവിൽ സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം പത്തിൽ താഴെയാണെന്നു കണ്ട ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. 1989 മാർച്ച് മാസത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ സ്ഥാപനത്തിൽ പത്തിലധികം തൊഴിലാളികളുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിനെ സ്ഥാപനം ചോദ്യം ചെയ്തിട്ടില്ലെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ ചൂണ്ടിക്കാട്ടി. പത്ത് പേർ ജോലി ചെയ്യുന്ന സ്ഥാപനത്തിന് നിയമം ബാധകമാക്കിയത് 1989 ഒക്ടോബർ 20–ാം തീയതിയാണ്. അതിനു മുമ്പുള്ള പന്ത്രണ്ട് മാസ കാലയളവിൽ പത്തിലധികം തൊഴിലാളികൾ ജോലി ചെയ്ത സ്ഥാപനങ്ങൾക്കും ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് കോർപ്പറേഷൻ വാദിച്ചു. 20.10.1989–നു തൊട്ടു മുമ്പുള്ള 12 മാസ കാലയളവിൽ പത്തിലധികം തൊഴിലാളികളുണ്ടായിരുന്ന സ്ഥാപനത്തിനും 20.10.1989 മുതൽ ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് ഹൈക്കോടതി വിലയിരുത്തി. അതിനാൽ 20.10.1989–നു ശേഷം തൊഴിലാളികളുടെ എണ്ണം പത്തിൽ താഴെ ആയാലും സ്ഥാപനം ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ തുടരുമെന്നും ഒരിക്കൽ നിയമം ബാധകമായ സ്ഥാപനത്തിന് പിന്നീട് തൊഴിലാളികളുടെ എണ്ണം പത്തിൽ താഴെയായി എന്ന കാരണത്താൽ നിയമത്തിന്റെ പരിധിയിൽ നിന്ന് പുറത്തു പോകാനാവില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് റദ്ദാക്കി.